# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2662** — **13.03.2020 ൽ മറുപടിക്ക്**

**തേർമല-വളവുകരി പാലം**

| **ചോദ്യം**<br>**ശ്രീ. കെ. സി. ജോസഫ്** | | **മറുപടി**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) നച്യാട് പുഴയിൽ തേർമല-വളവുകരി റോഡിൽ പാലം നിർമ്മിക്കാനായി 2016 മാർച്ചിൽ 760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഈ പാലത്തിന് ഭരണാനുമതി നൽകി ടെൻഡർ വിളിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കാമോ? | (എ) & (ബി) | 2017-18 ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയ്ക്ക് 780 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഭരണാനുമതിയോടൊപ്പം പ്രത്യേകാനുമതി നൽകിയിട്ടില്ലായിരുന്നു. പ്രത്യേകാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ചീഫ് എഞ്ചിനീയറിൽ നിന്നും അധിക വിവരങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**